# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1757/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1757/2022 തീയ്യതി: 18/03/2023

## കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 06-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 13-12-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ..എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2022 | 20-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-12-2022 | 20-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ

ശ്രീ. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. രാജീവന്‍ സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. മഞ്ജുഷ. പി.എന്‍ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിര്‍വ്വഹണഉദ്യോഗസ്ഥര്‍

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതല്‍) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീജ. എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സുധീര്‍. എം.വി | അസി. എഞ്ചിനീയര്‍ | 01-04-2021 | 31-03-2022 |
| ശ്രീ. സ്വരൂപ്. പി.എസ് | കൃഷി ഓഫീസര്‍ | 01-04-2021 | 24-06-2021 |
| ശ്രീമതി. അനുസ്മിത | കൃഷി ഓഫീസര്‍ | 25-06-2021 | 03-10-2021 |
| ശ്രീമതി. സൌമ്യ. വി | കൃഷി ഓഫീസര്‍ | 04-10-2021 | 25-11-2021 |
| ശ്രീ. സ്വരൂപ്. പി.എസ് | കൃഷി ഓഫീസര്‍ | 26-11-2021 | 31-03-2022 |
| ശ്രീമതി. റഫ്സീന. കെ | വി.ഇ.ഒ, കിണവക്കല്‍ സര്‍ക്കിള്‍ | 01-04-2021 | 30-09-2021 |
| ശ്രീമതി. ശ്രീജ ബാട്ടി | വി.ഇ.ഒ, കിണവക്കല്‍ സര്‍ക്കിള്‍ (അധിക ചുമതല) | 01-10-2021 | 31-03-2022 |
| ശ്രീമതി. ശ്രീജ ബാട്ടി | വി.ഇ.ഒ, കോട്ടയം സര്‍ക്കിള്‍ | 01-04-2021 | 31-03-2022 |
| ഡോ. വിനീത ജനാര്‍ദ്ദനന്‍ | മെഡിക്കല്‍ ഓഫീസര്‍, എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. മുഹമ്മദ്. പി | മെഡിക്കല്‍ ഓഫീസര്‍, ആയുര്‍വേദം | 01-04-2021 | 31-03-2022 |
| ഡോ. ആശ | വെറ്ററിനറി സര്‍ജന്‍ | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രവീണ. എ | ഡയറി ഫാം ഇന്‍സ്ട്രക്ടര്‍ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീത. കെ.കെ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. രജനി. പി.വി | ഐ.സി.ഡി.എസ് സൂപ്പര്‍വൈസര്‍ | 01-04-2021 | 28-06-2021 |
| ശ്രീമതി. രസ്ന സദന്‍ | ഐ.സി.ഡി.എസ് സൂപ്പര്‍വൈസര്‍ | 29-06-2021 | 30-11-2021 |
| ശ്രീമതി. ബിന്ദു. ടി | ഐ.സി.ഡി.എസ് സൂപ്പര്‍വൈസര്‍ | 01-12-2021 | 31-03-2022 |
| ശ്രീമതി. സരിത. കെ.വി | ഫിഷറീസ് സബ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമസഭ | 1-10 |
| 12 | ഇ-ടെണ്ടർ ഫീസ് - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11 |
| 13 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-12 |
| 14 | എഫ്.എച്ച്.സി കോൺഫറൻസ് ഹാൾ എ.സി ഇൻസ്റ്റലേഷൻ - അപാകങ്ങൾ | 1-13 |
| 15 | സാന്ത്വന പരിചരണ പദ്ധതി - രൂപയുടെ മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല | 1-14 |
| 16 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-15 |
| 17 | സാക്ഷരതാ പ്രേരക്മാർക്ക് അനുവദിച്ച ഹോണറേറിയം - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |
| 18 | പാലിന് സബ്സിഡി- രേഖകൾ ലഭ്യമാക്കിയില്ല - 1,14,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 19 | പാലിന് ഇൻസന്റീവ് - സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത രേഖകൾ ലഭ്യമാക്കിയിട്ടില്ല - 117273 രൂപയുടെ ചെലവവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | ന്യൂട്രിമിക്സ്- ബിൽ തുകയിൽ നിന്ന് ടി ഡി എസ് ഈടാക്കിയില്ല | 1-19 |
| 21 | സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-അതുല്യം അനുബന്ധ രേഖകൾ ഇല്ല | 1-20 |
| 22 | റിംഗ് കംപോസ്റ്റ് ബിൽ തുകയിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയില്ല | 1-21 |
| 23 | ഹരിതകർമ്മസേന വരവ് ചെലവ് വിവരങ്ങൾ | 1-22 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല.₹120000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 24 | മഴക്കാല പൂർവ്വ ശുചീകരണം തുക മെഡിക്കൽ ഓഫീസർക്ക് ലഭ്യമായില്ല | 1-23 |
| 25 | എച്ച്. എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 1-24 |
| 26 | തുമ്പൂർമുഴി കമ്പോസ്റ്റിങ്ങ് യൂണിറ്റ്- തുടർ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതാണ്. | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 20-02-2021 തീയതിയിലെ 53/2021 തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 09-03-2022 ലെ 69/22നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 939478 | 1647984 |
| വരവ് | 114549000 | 108026238 |
| ആകെ | 115488478 | 109674222 |
| ചെലവ് | 113764630 | 107888750 |
| നീക്കിയിരിപ്പ് | 1723848 | 1785472 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 10-05-2022 ഹാർഡ് കോപ്പി 11.11.2022 ലാണ് ലഭ്യമാക്കിയത് | തിരിച്ചയച്ചിട്ടില്ല | -- |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1) വാർഷിക ധനകാര്യ പത്രികയിലെ വികസന ഫണ്ട് (ജനറൽ), മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്), എന്നീ ഇനങ്ങളിലെ തുകകൾ എ.സി.ആറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) കോട്ടയം സർവീസ് സഹകരണ ബാങ്കിലുള്ള സാക്ഷരത ആക്കൗണ്ടിന്റെ (നമ്പർ-0001101002271) നീക്കിയിരിപ്പ് കണക്കാക്കിയത് 17-03-2022 ന് പലിശ ഇനത്തിൽ ക്രെഡിറ്റ് ചെയ്ത 379 രൂപ ഉൾപ്പെടുത്താതെയാണ്.

3) ബാലൻസ് ഷീറ്റിലെ B-1 ഷെഡ്യൂളിൽ Excess Of Income Over Expenditure നെഗറ്റീവ് ആണ്.

4) റർബൻ ഫണ്ടിൽ നിന്ന് കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്ത തുക ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയത് ശരിയല്ല.

5) ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളുടെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഓണറേറിയത്തിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

6) ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂളിൽ സർക്കരിലേക്ക് തിരിച്ചടക്കേണ്ട ഗ്രാന്റ് ഇനത്തിൽ 1966 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

7) ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തണമെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) ലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

8) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13073474 |
| വരവ് | 57961045 |
| ആകെ | 71034519 |
| ചെലവ് | 51949415 |
| നീക്കിയിരിപ്പ് | 19085104 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 351273 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11054103 | 11054103 | 11045000 | 9103 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 589000 | 589000 | 549000 | 40000 |
| മെയിന്റനൻസ്, റോഡ് | 0 | 5304000 | 5304000 | 4679804 | 624196 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4857101 | 4857101 | 4449784 | 407317 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. (ടൈഡ് ) | 0 | 5311109 | 5311109 | 4584204 | 726905 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. ( അൺ ടൈഡ് ) | 0 | 2653186 | 2653186 | 2653186 | 0 |
| എം.ജി.എൻ.ആർ.ഇ.ജി .എസ് | 2859 | 21355828 | 21358687 | 21357703 | 984 |
| സാക്ഷരത | 9468 | 0 | 9468 | 0 | 9468 |
| ഐ.സി.ഡി.എസ് | 306827 | 884413 | 1191240 | 497501 | 693739 |
| ശുചിത്വ മിഷൻ | 165000 | 984531 | 1149531 | 1124531 | 25000 |
| ടി.എസ്.സി | 146736 | 0 | 146736 | 110000 | 36736 |
| പ്രത്യേക ഉദ്ദ്യേശ്യ ഗ്രാന്റ് (വിമുക്തി, ആശ്രയ,അങ്കണവാടി നെയിംബോർഡ്) | 36725 | 240000 | 276725 | 139950 | 136775 |
| ശിശു സൗഹൃദ ടോയ് ലറ്റ് | 12000 | 0 | 12000 | 12000 | 0 |
| ആർ.ജി.എസ്.എ | 0 | 400000 | 400000 | 400000 | 0 |
| കുടിവെള്ള പദ്ധതി -കേന്ദ്ര വിഹിതം | 3360 | 0 | 3360 | 3360 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 167 | 49527530 | 152 | 37203210 | 7 | 15 | 145 | 87 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1893825 | 1816589 | 95.92 |
| വെറ്റിനറി സർജ്ജൻ | 7 | 6 | 2052200 | 1849790 | 90.14 |
| മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി | 18 | 18 | 3156786 | 2830337 | 89.66 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 3 | 3 | 853519 | 853519 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 369000 | 369000 | 100 |
| വി.ഇ.ഒ | 19 | 15 | 10101643 | 5303574 | 52.50 |
| ഐസിഡിഎസ് സൂപ്പർവൈസർ | 11 | 10 | 5993775 | 5066048 | 84.52 |
| സെക്രട്ടറി | 32 | 24 | 6873486 | 4134891 | 60.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 54 | 54 | 17121470 | 14050655 | 82.06 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 458436 | 314000 | 68.49 |
| ഹെഡ് മാസ്റ്റർ | 4 | 4 | 405000 | 403608 | 99.66 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 248390 | 211199 | 85.03 |

| | | | | | |
|---|---|---|---|---|---|
| ആകെ | 167 | 152 | 49527530 | 37203210 | 75.12 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2859 | 833576 | 836435 | 835451 | 984 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20522252 | 20522252 | 20522252 | 0 |
| | 2859 | 21355828 | 21358687 | 21357703 | 984 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3057800 | 207 |
| വിധവാപെൻഷൻ | 12405300 | 797 |
| വാർദ്ധക്യകാലപെൻഷൻ | 22094400 | 1560 |
| വികലാംഗപെൻഷൻ | 3290100 | 225 |
| അവിവാഹിത പെൻഷൻ | 2244000 | 145 |
| വിവാഹ ധനസഹായം | 450000 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2022 തീയതിയിൽ 11.20 AM ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4387 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിലും 2021-22 വർഷം ഒരു തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നത്. 2022 ജനുവരി മാസത്തിലാണ് ഗ്രാമസഭാ യോഗം ചേർന്നത്. 2022-23 വാർഷിക പദ്ധതി-പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം ഉപപദ്ധതി തയ്യാറാക്കൽ, 2021-22 വാർഷിക പദ്ധതി അവലോകനം, 2021-22 വാർഷിക പദ്ധതി ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ, അതിദരിദ്രരുടെ പട്ടിക അംഗീകരിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23 ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് അംഗീകരിക്കൽ എന്നിവയായിരുന്നു ഗ്രാമസഭകളിലെ പ്രധാന അജണ്ട.

## 1-11 ഇ-ടെണ്ടർ ഫീസ് - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട 2018-19 വർഷം മുതലുള്ള ഇ-ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 31-05-2022 വരെ 552133 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2018-19 | 470579 |
| 2 | 2019-20 | 23422 |
| 3 | 2020-21 | 38162 |
| 4 | 2021-22 | 12940 |
| 5 | 2022-23 (31-05-2022 വരെ) | 7030 |
| | ആകെ | 552133 |

നിലവിൽ ഇ-ടെണ്ടർ ഫീസ് സ്വീകരിക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുകയും ഇ-ടെണ്ടർ സൈറ്റുമായി മേപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും, ഇ-ടെണ്ടർ ഫീസിനത്തിലെ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/16-12-2022) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

ലാസ്റ്റ് ഗ്രേഡ് വിഭാഗം ഒഴികെയുള്ള സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് 05.11.2020 ലെ ജി.ഒ (പി) നം 152/2020/ധന പ്രകാരം സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021 ലെ TRY/1850/2021-E1 നമ്പർ കത്ത് പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശവും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-22 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല. പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ തന്നെ കോട്ടയംഗ്രാമപഞ്ചായത്തിൽ ജീവനക്കാർ ആർജ്ജിതാവധി പണമായി മാറ്റിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| തുക<br>വൗച്ചർ നമ്പർ/തീയ്യതി | ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | തുക ₹ |
|---|---|---|---|---|
| ₹2,67,84<br>22100202/14-06-2021 | 1 | നിസ്സാർ എം | സീനിയർ ക്ലർക്ക് | 46953 |
| | 2 | സിജിൻ കെ.സി | ക്ലർക്ക് | 38517 |
| | 3 | ലതേഷ് കാരായി | സീനിയർ ക്ലർക്ക് | 53058 |
| | 4 | മിനീഷ പി പി | ക്ലർക്ക് | 37518 |
| | 5 | ലൈജി കെ | ക്ലർക്ക് | 31909 |
| | 6 | ഷീജ എം | അസിസ്റ്റന്റ് സെക്രട്ടറി | 59829 |
| ₹83,694<br>22100204/16.06.21 | 7 | മഞ്ജുഷ എൻ | സെക്രട്ടറി | 83,694 |
| ₹53,058<br>22100292/07.07.21 | 8 | ഷീന കറ്റ്യാടൻ | അക്കൗണ്ടന്റ് | 53,058 |

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവ് പ്രകാരം 01.06.2021 മുതൽ 6

മാസത്തേക്കുകൂടിയും പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെയും ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/15.12.2022) 26-07-2021 ന് മാത്രമാണ് സർക്കാർ പുറപ്പെടുവിച്ചതെന്നുംഈ ഉത്തരവ് തീയ്യതിക്കു മുൻപ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട് എന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. ഇക്കാര്യത്തിൽ സർക്കാരിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-13 എഫ്.എച്ച്.സി കോൺഫറൻസ് ഹാൾ എ.സി ഇൻസ്റ്റലേഷൻ - അപാകങ്ങൾ

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എഫ്.എച്ച്.സി കോൺഫറൻസ് ഹാൾ എ.സി ഇൻസ്റ്റലേഷൻ പദ്ധതി പ്രകാരം 110800 രൂപ ചെലവ് ചെയ്തിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 138/22 എഫ്.എച്ച്.സി കോൺഫറൻസ് ഹാളിലേക്ക് എയർ കണ്ടീഷൻ, സ്റ്റബിലൈസർ സൗകര്യം ഏർപ്പെടുത്തൽ |
| ഫണ്ടിനം./അടങ്കൽ | 110800 രൂപ മെയിന്റനൻസ് ഗ്രാന്റ്, റോഡ് ഇതരം |
| ആകെ ചിലവ് | 110800 രൂപ മെയിന്റനൻസ് ഗ്രാന്റ്, റോഡ് ഇതരം |
| ബിൽ നം/തീയതി | BRN 21220452006801359806/16-03-22 = 110800 |
| ഇൻവോയ്സ് നം/തീയതി | 2521/16-03-2022 |

പദ്ധതിയുടെ ഭാഗമായി ഗൃഹശ്രീ കുത്തുപറമ്പ എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഉപകരണങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്

| | |
|---|---|
| കരിയർ 2ടൺ എ.സി 2 X @50000 | 100000 |
| വി.ഗാഡ് വോൾട്ടേജ് സ്റ്റെബിലൈസർ 2 X @3000 | 6000 |
| 3പിൻ പ്ലഗ് 2 X @ 120 | 240 |
| ആകെ | 106240 |

എ.സി സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ( ഗൃഹശ്രീ കുത്തുപറമ്പ ) ടെണ്ടർ പ്രകാരം ടെൻഡർ ക്വോട്ട് ചെയ്ത തുക 106240 രൂപയാണ്. എന്നാൽ ബിൽ പ്രകാരം സ്ഥാപനത്തിന് 110800 രൂപ നൽകിയിട്ടുണ്ട്. ക്വാട്ട് ചെയ്ത തുകയെക്കാൾ അധികം തുക നൽകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതും, അധികം നല്കിയ 4560 രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/19-12-2022) മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരം പ്രോജക്റ്റിൽ ഫിറ്റിംഗ് ചാർജ് ഇനത്തിൽ തുക വകയിരുത്തിയത് കൊണ്ടാണ് തുക നൽകിയത് എന്നാണ്. ടെൻഡറിൽ ക്വാട്ട് ചെയ്ത തുകക്ക് പുറമെ ഫിറ്റിംഗ് ചാർജ് നൽകുന്നത് ശരിയല്ല. കാരണം എ.സി സപ്ലൈ ചെയ്ത കമ്പനിയുടെ ഉത്തരവാദിത്തമാണ് എ.സി ഫിറ്റ് ചെയ്യുക എന്നത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സാന്ത്വന പരിചരണ പദ്ധതി - രൂപയുടെ മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച് .സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വന പരിചരണ പദ്ധതി പ്രകാരം 190085 രൂപ മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ച വിവരം ലഭ്യമല്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 49/22 സാന്ത്വന പരിചരണ പദ്ധതി |

| | |
|---|---|
| ഫണ്ടിനം./അടങ്കൽ<br>948066/-രൂപ | 448066/-രൂപ വികസന ഫണ്ട് ജനറൽ<br>300000/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>200000/-രൂപ ജില്ല പഞ്ചായത്ത് വിഹിതം |
| ആകെ ചിലവ്- 921278/-രൂപ | 448066/-രൂപ വികസന ഫണ്ട് ജനറൽ<br>299956/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>173256/-രൂപ ജില്ല പഞ്ചായത്ത് വിഹിതം |
| കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയ രൂപ/ബിൽ നം. തീയതി | BRN. 21220452006801359737/16-03-22 = 150000/- രൂപ<br>പ്രൊഫോർമ ഇൻവോയ്സ് നം/തീയതി PRF 3195/05-11-21 |
| | BRN. 21220452006801359755/16-03-22, 10956/- രൂപ<br>പ്രൊഫോർമ ഇൻവോയ്സ് നം/തീയതി PRF 2723/13-10-21 |
| | BRN. 21220452006801359778/16-03-22, 29129/- രൂപ<br>പ്രൊഫോർമ ഇൻവോയ്സ് നം/തീയതി PRF 6629/07-03-22 |

മേൽ പദ്ധതിയിൽ മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ട്രഷറി മുഖേന ഓൺ ലൈൻ ട്രാൻസ്ഫറായി 190085 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയിൽ നിന്നും 115377 രൂപയുടെ മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ എന്നാണ് മെഡിക്കൽ ഓഫീസർ 31/19-12-2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി പ്രകാരം അറിയിച്ചത്. പ്രസ്തുത തുകക്കുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 74708 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-15 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 12/22 ഇൻഫർമേഷൻ കേരള മിഷന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | ₹35685 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹35685 ബിൽ നമ്പർ : 21220452004600409212/15-09-2021 |

ഇൻഫർമേഷൻ കേരള മിഷന് വിഹിതം നൽകൽ എന്ന മേൽ പ്രൊജക്ട് പ്രകാരം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹35685 നൽകിയിട്ടുണ്ട്. എന്നാൽ ₹35685 യുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഐ.കെ.എംന്റെ ഓഡിറ്റ് നടന്നുകൊണ്ടിരിക്കയാണെന്നും അത് പൂർത്തിയായാലുടൻ ധനവിനിയോഗ സാക്ഷ്യപത്രം അയച്ചുതരുന്നതാണെന്നും ഐ.കെ.എം അറിയിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/15.12.2022ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സാക്ഷരതാ പ്രേരക്മാർക്ക് അനുവദിച്ച ഹോണറേറിയം - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാക്ഷരതാ പ്രേരക് മാരുടെ മാർച്ച് മാസത്തെ ഹോണറേറിയം നൽകുന്നതിനായി ₹14160 തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | സാക്ഷരതാ പ്രേരകിന്റെ പേര് | തുക | വൗച്ചർ നമ്പർ/തീയ്യതി |
|---|---|---|---|
| 1 | മാലതി കെ | ₹6600 | 22100194/11-06-2021 |
| 2 | ഷീബ. കെ. ഇ | ₹7560 | 22100195/11-06-2021 |
| | ആകെ | ₹14160 | |

സ.ഉ (സാധാ) നമ്പർ 626/2021 തീയ്യതി 26.02.2021 പ്രകാരം സർക്കാർ ഫണ്ടും സാക്ഷരതാമിഷന്റെ തനത് ഫണ്ടും ലഭ്യമാകുമ്പോൾ തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകാം എന്ന വ്യവസ്ഥയിലാണ് തനത് ഫണ്ടിൽ നിന്നും ഈ ചെലവ് നടത്തുന്നത്. ഇപ്രകാരം പ്രേരക് മാർക്ക് ഹോണറേറിയം നൽകാനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭ്യമായിട്ടില്ലെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/15.12.2022ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക തിരികെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 പാലിന് സബ്സിഡി- രേഖകൾ ലഭ്യമാക്കിയില്ല - 1,14,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 80/22 പാലിന് സബ്സിഡി |
| അടങ്കൽ | ₹10,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹1,48,436 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹1,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹2,58,436 |
| ചെലവ് | ₹ 10,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>ബിൽ നം. 1/21-22, 14-12-2021<br>₹ 1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ബിൽ നം. 4/21-22, 05-02-2022<br>₹4,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ബിൽ നം. 2/21-22, 14-12-2021<br>ആകെ ചെലവ് - ₹1,14,000 |

14-02-2018 ലെ സർക്കാർ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ ഖണ്ഡിക 6-2 (8) പ്രകാരം 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ( ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പെടെ) സബ്സിഡി അനുവദിക്കേണ്ടതാണ്. മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലെ

സബ്സിഡി മാത്രമാണ് മേൽ പ്രോജക്ട് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ സബ്സിഡിയും ലഭ്യമായിട്ടില്ല.

2) ക്ഷീരോല്പാദക സഹകരണ സംഘം സാക്ഷ്യപ്പെടുത്തിയ പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സബ്സിഡി അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) ഫയലിലുള്ള ക്രെഡിറ്റ് സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ വിജയ ബാങ്കിൽ (ബാങ്ക് ഓഫ് ബറോഡ) അക്കൗണ്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ തുക അവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | മലപ്പിലായി ദേവി | 20210123100002 | 1212 |
| 2 | ശാരദ. കെ | 202101011002124 | 10755 |
| 3 | വൃന്ദ ദേവി | 202101241000024 | 4431 |
| | ആകെ | | 16398 |

തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പിന്നീട് ക്രെഡിറ്റായിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖകളൊന്നും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. മേല്പറഞ്ഞ കാരണങ്ങളാൽ 1,14,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 പാലിന് ഇൻസന്റീവ് - സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത രേഖകൾ ലഭ്യമാക്കിയിട്ടില്ല - 117273 രൂപയുടെ ചെലവവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 226/22 പാലിന് ഇൻസന്റീവ് |
| അടങ്കൽ | ₹1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹1,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ- ₹2,00,000 |
| ചെലവ് | ₹1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ബിൽ നം. 5/21-22, 16-03-2022<br>₹1,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ബിൽ നം. 3/21-22, 04-02-2022<br>ആകെ- ₹2,00,000 |

മേൽ പ്രോജക്ട് പ്രകാരം ₹2,00,000 സബ്സിഡിയായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ഇനത്തിൽ ചെലവുണ്ട്. മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ബിൽ നം. 3/21-22 പ്രകാരം മാറിയ തുകയുടെ ഫയലിലുള്ള ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വിജയ ബാങ്കിൽ (ബാങ്ക് ഓഫ് ബറോഡ) അക്കൗണ്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കളുടെ തുക അവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | മലപ്പിലായി ദേവി | 20210123100002 | 2763 |
| 2 | ശാരദ. കെ | 202101011002124 | 8082 |
| 3 | വൃന്ദ ദേവി | 202101241000024 | 4247 |
| 4 | ഷീജ.കെ | 203601011001782 | 2181 |
| | ആകെ | | 17273 |

2) ബിൽ നം. 5/21-22/16.03.2022 പ്രകാരം മാറിയ തുകകൾ (₹1,00,000) ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/14-12-2022) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റായിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ 117273 (1,00,000+17273)രൂപയുടെ ചെലവവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ന്യൂട്രിമിക്സ്- ബിൽ തുകയിൽ നിന്ന് ടി ഡി എസ് ഈടാക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം,പേര് | 4/22, അങ്കണവാടി പോഷകാഹാര പരിപാടി |
| അടങ്കൽ | ₹2384839 (വികസന ഫണ്ട്)<br>₹500000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ ₹2884839 |
| ചെലവ് | ₹2000000 (വികസന ഫണ്ട്)<br>₹497501 (കേന്ദ്ര ഫണ്ട്)<br>ആകെ ₹2497501 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ അങ്കണവാടികൾക്കായി ഊർജ്ജശ്രീ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം. & തീയതി | തുക (ജി.എസ്.ടി ഒഴികെയുള്ള തുക) (₹) | ബിൽ നം./ചെക്ക് നം. & തീയതി |
|---|---|---|---|
| 1 | 170/28.04.2021 | 93791 | 21220452006500094644/29.05.21 |
| 2 | 175/20.06.2021 | 93791 | 21220452006500127304/15.06.21 |
| 3 | 179/02.07.2021 | 93791 | 21220452006500233141/26.07.21 |
| 4 | 184/27.07.2021 | 94027 | 21220452006500312790/13.08.21 |
| 5 | 188/25.08.2021 | 94027 | 21220452006500399718/13.09.21 |
| 6 | 194/22.09.2021 | 92846 | 21220452006500508803/08.10.21 |
| 7 | 200/26.10.2021 | 91192 | 21220452006500596071/02.11.21 |
| 8 | 203/19.11.2021 | 91192 | 2994309/04.02.2022 |
| 9 | 209/16.12.2021 | 90011 | 2994309/04.02.2022 |
| | ആകെ | 8,34,668 | |

മേൽ തുകയിൽ നിന്നും ടി.ഡി.എസ് ഈടാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-20 സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-അതുല്യം അനുബന്ധ രേഖകൾ ഇല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 41/22 സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-അതുല്യം |

| | |
|---|---|
| അടങ്കൽ | ₹48000 തനത് ഫണ്ട് |
| ചെലവ് | ₹48000 വൗച്ചർ നമ്പർ :22101116/26.03.2022 |

സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി-അതുല്യം എന്ന മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യതാകോഴ്സിന് ഒരാൾക്ക് ₹1750 നിരക്കിൽ 14 പേർക്ക് ₹24500 യും ഹയർസെക്കന്ററിക്ക് ഒരാൾക്ക് ₹2350 നിരക്കിൽ 10 പേർക്ക് ₹23500 യും കേരളസാക്ഷരതാ മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്ലസ് വൺ തുല്യതാകോഴ്സിനുള്ള ₹23500 ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ എന്ന പേരിൽ പുത്തൻ ചന്ത മെയിൻ ബ്രാഞ്ചിലെ യൂക്കോ ബാങ്ക് ശാഖയിലേക്കും (അക്കൗണ്ട് നമ്പർ 02880100113107) പത്താംതരം തുല്യതാകോഴ്സിനുള്ള ₹24500 ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ എന്ന പേരിൽ SBIയുടെ ശാസ്തമംഗലം ബ്രാഞ്ചിൽ (അക്കൗണ്ട് നമ്പർ 57026996123) കൈമാറാനമാണ് കണ്ണൂർ ജില്ലാ സാക്ഷരതാമിഷൻ ജില്ലാ കോ ഓർഡിനേറ്റർ ആവശ്യപ്പെട്ടത്. എന്നാൽ ₹48000(₹24500+₹23500) SBIയുടെ ശാസ്തമംഗലം ബ്രാഞ്ചിൽ തന്നെയാണ് നൽകിയത്. മേൽ തുകയ്ക്ക് സാക്ഷരതാമിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതിയും പത്താംതരം, പ്ലസ് വൺ തുല്യതാകോഴ്സിന് വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തതിന്റെയും പരീക്ഷ എഴുതിയതിന്റെയും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/16.12.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 റിംഗ് കംപോസ്റ്റ് ബിൽ തുകയിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, |
| പ്രോജക്ടിന്റെ നമ്പരും പേരും | 106/2022, റിംഗ് കംപോസ്റ്റ് |
| അടങ്കൽ | ₹1058213(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>₹376000(സംസ്ഥാനാവിഷ്കൃതഫണ്ട്)<br>₹159357(ഗുണഭോക്തൃവിഹിതം)<br>ആകെ ₹1593570 |
| ചെലവ് | ₹1058213(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>₹159357(ഗുണഭോക്തൃവിഹിതം)<br>ആകെ₹ 1217570 |
| വൗച്ചർ നം/ തീയ്യതി | 22100830 Dated 03.02.2022-₹1058213<br>22100944dated 18.02.2022-₹159357 |

റിംഗ് കംപോസ്റ്റ് എന്ന മേൽ പ്രോജക്ട് പ്രകാരം 726 വീട്ടുകളിൽ റിംഗ് കംപോസ്റ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നും 1593570 രൂപയുടെ (ജി.എസ്.ടി ഉൾപ്പെടെ) റിംഗ് കംപോസ്റ്റുകൾ (ടാക്സ് ഇൻവോയ്സ് നമ്പർ 0014/05.01.2022) വാങ്ങിയിട്ടുണ്ട്. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം കരാറുകാരായ സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ബില്ലിൽ നിന്നും 2% തുക TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്നും TDS കുറവ് ചെയ്തതായി കാണുന്നില്ല. TDS കുറവ് ചെയ്യാതിരുന്നതിനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35/20.12.2022ന് ,സംസ്ഥാന വിഹിതമായ ₹376000 ഇതുവരെ ലഭ്യമായിട്ടില്ലെന്നും ആയത് അനുവദിക്കുമ്പോൾ TDS ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. TDS ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 ഹരിതകർമ്മസേന വരവ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല.₹120000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ട് നമ്പർ / പേര് | 158/22 ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് |
| അടങ്കൽ | ₹120000 തനത് ഫണ്ട് |
| ചെലവ് | ₹120000<br>വൗച്ചർ നമ്പർ 22101037/11.03.2022 ₹22200<br>വൗച്ചർ നമ്പർ 22101190/31.03.2022 ₹97800 |

കോട്ടയം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.

യൂസർഫീ പിരിക്കുന്നതിനായി ഉപയോഗിച്ച രശീതി പുസ്തകങ്ങളും അവയുടെ സ്റ്റോക്ക് രജിസ്റ്ററും കളക്ഷൻ രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കാനും ഹരിതകർമ്മസേന 14 വാർഡുകളിൽ നിന്നും യൂസർ ഫീ പിരിച്ചെടുത്തതിന്റെ

സംക്ഷിപ്ത വിവരങ്ങൾ ലഭ്യമാക്കാനം ഓഡിറ്റ് എൻക്വയറി നമ്പർ 23/17.12.2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും അവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ഹരിത കർമ സേനക്കായി യൂസർ ഫീ പിരിക്കുന്നതിനുള്ള രശീതികൾ നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ച് ഓഡിറ്റിന് വിധേയമാക്കുന്നില്ല. ഈ പ്രവണത അവസാനിപ്പിക്കേണ്ടതും ഉപയോഗിച്ച തീർന്ന രസീതി കൗണ്ടർ ഫോയിലുകൾ പഞ്ചായത്തിൽ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക, പാഴ്‌വസ്തുക്കൾ വിറ്റ് കിട്ടുന്ന തുക, മറ്റിനങ്ങൾ എന്നിവ ചേർത്ത് ഹരിത കർമ്മസേനയ്ക്ക് ലഭിക്കേണ്ടുന്ന പ്രതീക്ഷിത വരുമാനവും പ്രതിമാസം ലഭിച്ച വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി അനുവദിക്കുന്നത്. 2021-22 വർഷം ₹120000 വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിച്ച ₹120000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 മഴക്കാല പൂർവ്വ ശുചീകരണം തുക മെഡിക്കൽ ഓഫീസർക്ക് ലഭ്യമായില്ല

കോട്ടയം ഗ്രാമപഞ്ചായത്തിൽ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11/11/2021ലെ 243/ഡി/2021/എസ്.എം നമ്പർ ഉത്തരവ് പ്രകാരം ലഭ്യമായ ₹140000 ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.22 ലെ 4912/2021 നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ ഓഫീസർ, കോട്ടയം എഫ്.എച്ച്.സിക്ക് കൈമാറുന്നതിനായി വൗച്ചർ നമ്പർ 22101044/11.03.22 പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഈ തുക KSCB ചെക്ക് നമ്പർ 014724/11.03.22 പ്രകാരം മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് NEFT ചെയ്യുകയാണുണ്ടായത്. എന്നാൽ ഈ തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ലെന്ന് 03.11.22ന് മാത്രമാണ് മെഡിക്കൽ ഓഫീസർ അറിയിക്കുന്നത്. 014724/11.03.22 നമ്പർ ചെക്ക് ബാങ്കിൽ NEFT ഫോമിനൊപ്പം നൽകിയത് 24.03.22 നാണെന്നും 28.03.22ന് ബാങ്കിൽ തിരിച്ച വന്നെന്നും തുക ഏതെന്ന് വ്യക്തമാകാതിരുന്നതിനാൽ സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിക്കുകയാണുണ്ടായതെന്നും തുകക്ക് ഏപ്രിൽ മാസം മുതൽ ലഭിക്കേണ്ട പലിശ സഹിതം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെന്നും സെക്രട്ടറിയുടെ 03.11.2022ലെ AC/01/2022 നമ്പർ കത്തിന് മറുപടിയായി ബാങ്ക് അറിയിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിനായി മെയ് മാസം തന്നെ ചെലവഴിക്കേണ്ട തുക ഗ്രാമപഞ്ചായത്ത് മാർച്ചിൽ തന്നെ അനുവദിച്ചിട്ടും തുക അക്കൗണ്ടിൽ ക്രഡിറ്റാവാത്ത വിവരം മെഡിക്കൽ ഓഫീസർ പഞ്ചായത്തിനെ അറിയിക്കുന്നത് നവംബർ മാസത്തിൽ മാത്രമാണ്. തൻവർഷം പഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും നവംബർ മാസത്തിൽ അക്കൗണ്ടിലേക്ക് തിരികെ വന്ന തുക 17/12/2022ന് മെഡിക്കൽ ഓഫീസർക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/15.12.2022ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. മഴക്കാല പൂർവ്വ ശുചീകരണത്തിനായി അനുവദിക്കപ്പെടുന്ന തുക യഥാസമയം തൽ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിങ് നടത്തേണ്ടതുമാണ്.

## 1-24 എച്ച്. എം.സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല

കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കോട്ടയം മലബാർ പ്രൈമറി ഹെൽത്ത് സെന്ററിൽ , കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 173(എ) പ്രകാരം രൂപീകരിച്ചിട്ടുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ആശുപത്രിവികസനഫണ്ട് രൂപീകരിക്കേണ്ടതും ചട്ടം 9 പ്രകാരം പ്രസ്തുത ഫണ്ടിന്റെ കണക്കുകൾ എല്ലാ വർഷവും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് 19.12.2022 ന് നൽകിയ 33-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരം കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ്. ഇപ്രകാരം ഓഡിറ്റ് നടത്തുന്നതിനായി ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-25 തുമ്പൂർമുഴി കമ്പോസ്റ്റിങ്ങ് യൂണിറ്റ്- തുടർ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 171/22 തുമ്പൂർമുഴി കമ്പോസ്റ്റിങ്ങ് യൂണിറ്റ് |
| അടങ്കൽ | ₹1,30,220 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹1,30,220<br>ബിൽ നം. 9901224547, 28-02-2022 |

മേൽ പ്രോജക്ടിന്റെ പ്രോജക്ട് ഫോറത്തിൽ പദ്ധതിയുടെ ലക്ഷ്യമെന്താണ് എന്നോ, കമ്പോസ്റ്റിങ്ങ് യൂണിറ്റ് എവിടെയാണ് സ്ഥാപിക്കുന്നത് എന്നോ, കമ്പോസ്റ്റ് ഉല്പാദനം പഞ്ചായത്ത് നേരിട്ട് നടത്താനാണോ അല്ലെങ്കിൽ ഏതെങ്കിലും ഏജൻസിയെ ഏല്പിക്കാനാണോ ഉദ്ദേശിക്കുന്നത് എന്നോ പരാമർശിച്ചിട്ടില്ല. മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (26/19-12-2022) പതിനൊന്നാം വാർഡിൽ പൂളബസാറിലെ കല്ലറക്കൽ ലക്ഷം വീട് കോളനിയിലാണ് പൊതു എയ്റോബിക് ജൈവ മാലിന്യ സംസ്കരണ ഉപാധിയായി തുമ്പൂർമുഴി കമ്പോസ്റ്റിങ്ങ് സംവിധാനം ഒരുക്കിയിട്ടുള്ളതെന്നും, കോളനിയിലേയും തൊട്ടടുത്ത പ്രദേശത്തെ ആഘോഷ പരിപാടികളിലും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യം നിക്ഷേപിക്കുന്നതിനാണ് കമ്പോസ്റ്റിങ്ങ് യൂണിറ്റ് നിർമ്മിച്ചിട്ടുള്ളത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കി കമ്പോസ്റ്റിങ്ങ് യൂണിറ്റ് പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും 2022 ആഗസ്ത് 23 ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കമ്പോസ്റ്റ് ഉല്പാദനത്തിന്റേയും, യൂണിറ്റ് പരിപാലനത്തിന്റേയും ചുമതല ഹരിത കർമ്മ സേനക്ക് കൈമാറിയതായും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. കമ്പോസ്റ്റിങ്ങ് യൂണിറ്റിന്റെ തുടർ പ്രവർത്തനം നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 17-12-2022, | കെ.എസ്.എ./കെ.എൻ.ആർ. /സി8/1757/2022 തീയതി: 18.03.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (2/22) | 275000 | 0 |
| | | 25500 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (24/22) | 25500 | 0 |

| | | | | | |
|---|---|---|---|---|---|
| | | 299956 | സാന്ത്വന പരിചരണ പദ്ധതി (49/22) | 299956 | 0 |
| | | 100000 | പാലിന് സബ്സിഡി (80/22) | 100000 | 0 |
| | | 544400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ് (134/22) | 544400 | 0 |
| | | 111705 | സാന്ത്വന പരിചരണ പദ്ധതി(137/22) | 111705 | 0 |
| | | 100000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) (146/22) | 100000 | 0 |
| | | 100000 | പാലിന് ഇൻസെന്റീവ് (147/22) | 100000 | 0 |
| | | 100000 | ലൈഫ് മിഷൻ ഭവനപദ്ധതി പട്ടികജാതി (149/22) | 100000 | 0 |
| | ആകെ | | | 1656561 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2021-22 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (2/22) | 275000 | 0 |
| | | 30000 | പച്ചക്കറി തൈ വിതരണം (13/22) | 30000 | 0 |
| | | 49200 | വീട്ടുവളപ്പിൽ മൽസ്യ കൃഷി- പടുതാക്കുളം (25/22) | 49200 | 0 |
| | | 173256 | സാന്ത്വന പരിചരണ പദ്ധതി (49/22) | 173256 | 0 |
| | | 4000 | പാലിന് സബ്സിഡി (80/22) | 4000 | 0 |
| | | 100000 | ലൈഫ് മിഷൻ ഭവന നിർമ്മാണം - പൊതുവിഭാഗം (128/22) | 100000 | 0 |
| | | 10100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(134/21) | 10100 | 0 |
| | | 30315 | സാന്ത്വന പരിചരണ പദ്ധതി (136/22) | 30315 | 0 |
| | | 200000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) (146/22) | 200000 | 0 |
| | | 100000 | പാലിന് ഇൻസെന്റീവ് (147/22) | 100000 | 0 |
| | | 100000 | ലൈഫ് മിഷൻ ഭവനപദ്ധതി പട്ടികജാതി (149/22) | 100000 | 0 |
| | ആകെ | | | 1071871 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2013-2014<br>2014-2015 | 2-1 | 2016-17 | ഖണ്ഡിക-5,അനുബന്ധം-3 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |
| 2013-2014<br>2014-2015 | 3-8 | 2014-15 | 4-3, 2-7 | ക്ഷേമ പെൻഷൻ അപേക്ഷയിൽ കാലതാമസം | പരാമർശം നിലനിൽക്കുന്നു |
| 2019-2020 | 1-16 | 2020-21 | ഖണ്ഡിക-1-2,അനുബന്ധം-2 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയതിൽ ടെണ്ടർ രേഖകൾ ലഭ്യമല്ല. | പരാമർശം നിലനിൽക്കുന്നു |
| 2019-2020 | 1-23 | 2020-21 | ഖണ്ഡിക-1-2,അനുബന്ധം-2 | മരുന്നുകൾ മുഴുവൻ ലഭ്യമാക്കാത്തത്. | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57961045 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51949415 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,51,273 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,14,000 | ശ്രീമതി. പ്രവീണ. എ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-18 | 1,17,273 | ശ്രീമതി. പ്രവീണ. എ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-22 | 1,20,000 | ശ്രീമതി. ശ്രീജബാട്ടി, വി.ഇ.ഒ. |
| ആകെ | 3,51,273 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. പ്രവീണ. എ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, കോട്ടയം ഗ്രാമ പഞ്ചായത്ത് | കുഞ്ഞിപ്പറമ്പത്ത് ഹൗസ്, മുതിയങ്ങ പി.ഒ. |
| ശ്രീമതി. ശ്രീജബാട്ടി, വി.ഇ.ഒ. | വി.ഇ.ഒ. കോട്ടയം | 'ശ്രീനികേതൻ' പി.ഒ. പിണറായി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1359/2022 തീയതി 22.09.2022 | 1 |
| 2013-14 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 1359/2022 തീയതി 22.09.2022 | 2 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 748/2021 തീയതി 23.10.2021 | 13 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 749/2022 തീയതി 10.10.2022 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kottayam Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13029164.00 |
| Cash | Cash | RP-40(a) | 44310.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 682040.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3500.00 |
| 140000000 | Fees & User Charges | RP-4 | 1093464.00 |
| 150000000 | Sale & Hire Charges | RP-5 | 80093.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 34946153.00 |
| 171000000 | Interest Earned | RP-9 | 194057.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9969325.00 |
| 350000000 | Other Liabilities | RP-36 | 188020.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 68148.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 13494.00 |
| 340000000 | Deposits Received | RP-34 | 157086.00 |
| 350000000 | Other Liabilities | RP-36 | 239674.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4926477.00 |
| 460000000 | Loans, Advances and Deposits | RP-47 | 5399514.00 |

| | | | |
|---|---|---|---|
| | Grand total | | 71034519.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3457380.00 |
| 220000000 | Administrative Expenses | RP-12 | 684013.00 |
| 230000000 | Operations & Maintenance | RP-13 | 1113289.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3233783.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14026608.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1229759.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2014272.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 450000.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 8120929.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 200000.00 |
| 280000000 | Prior Period item | RP-26 | -13073.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 570792.00 |
| 350000000 | Other Liabilities | RP-36 | 9738312.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | 412.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 4000.00 |
| 340000000 | Deposits Received | RP-34 | 92829.00 |
| 350000000 | Other Liabilities | RP-36 | 3521995.00 |
| 410000000 | Fixed Assets | RP-38 | 1807240.00 |
| 412000000 | Capital work in Progress | RP-40 | 487756.00 |
| 430000000 | Stock-in-hand | RP-42 | 9000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1199470.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19036377.00 |
| Cash | Cash | RP-40(b) | 48727.00 |
| | Grand Total | | 71034519.00 |

## അനുബന്ധം-3-2
## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Kottayam Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4587946.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 195920.00 |
| 140000000 | Fee & User Charges | I-4(b) | 1447736.00 |
| 150000000 | Sale & Hire Charges | I-5(b) | 80093.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 107869335.00 |
| 171000000 | Interest Earned | I-8 | 194057.00 |
| | Total Income | | 114375087.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11865506.00 |
| 220000000 | Administrative Expenses | I-11(b) | 825739.00 |
| 230000000 | Operations & Maintenance | I-12(b) | 1253289.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4417133.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 37480345.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1680081.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2014272.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43541600.00 |
| 255000000 | Maintenance Projects | I-14(e) | 8120929.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 200000.00 |
| 272000000 | Depreciation | I-17(a) | 3983538.00 |
| | Total Expenditure | | 115383081.00 |
| | Gross Surplus/ Deficit of income over Expenditure | | -1007994.00 |
| 280000000 | Prior Period Item | I-18 | -7536793.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6528799.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| |
|---|
| Kottayam Grama Panchayat<br>BALANCE SHEET |

| | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -31134168.97 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 35314.00 |
| 312000000 | Reserves | B-3 | 142372210.00 |
| | Total Reserve & Surplus | | 111273355.03 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9805191.00 |
| | Total Grants, Contributions for Specific Purposes | | 9805191.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 299224.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2920256.97 |
| | Total Current Liabilities and Provisions | | 3219480.97 |
| | TOTAL LIABILITIES | | 124298027.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 156587361.00 |
| 411000000 | Accumulated Depreciation | B-11 | -52904969.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 103682392.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 9000.00 |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 19085104.00 |
| 460000000 | Loans, Advances and Deposits | B-18 | 1521531.00 |

| | |
|---|---|
| Total Current Assets, Loans and Advances | 20615635.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 124298027.00 |

ഡെപ്യൂട്ടി ഡയറക്ടർ